## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 538
### 24.01.2018 ലെ മറുപടിയ്ക്ക്

### ഇൻഷ്വറൻസ് വകുപ്പിന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി<br>**ഡോ: ടി. എം.തോമസ് ഐസക്** |
| എ | സർക്കാർ ജീവനക്കാരുടെയും, അധ്യാപകരുടെയും സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവ കൈകാര്യം ചെയ്യുന്ന സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്കായി സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പദ്ധതി, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി എന്നിവയും സംസ്ഥാന സർക്കാരിന് സാമ്പത്തിക താൽപര്യമുള്ള വിഷയങ്ങളുടെ ജനറൽ ഇൻഷ്വറൻസും നടത്തുന്നതിനുള്ള ഉത്തരവാദിത്തമാണ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനുള്ളത്. സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി/പാസ് ബുക്ക് അനുവദിക്കുക/ എസ്.എൽ.ഐ പോളിസിയിന്മേൽ വായ്പ അനുവദിക്കുക/ ക്ലെയിമുകൾ തീർപ്പാക്കുക എന്നീ പ്രധാന ചുമതലകൾക്കൊപ്പം എസ്.എൽ.ഐ പോളിസി സംബന്ധമായ എല്ലാ വിധ സേവനങ്ങളും നൽകുന്നത് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പാണ്. കൂടാതെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിലെ അക്കൗണ്ടുകൾ അനുവദിക്കുക, ക്ലെയിം തീർപ്പാക്കുക തുടങ്ങിയ പ്രധാന സേവനങ്ങൾക്കൊപ്പം അക്കൗണ്ട് സംബന്ധമായ എല്ലാ സേവനങ്ങളും നൽകുന്നത് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലാണ്. സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് ഗ്രൂപ്പ് ഇൻഷ്വറൻസ്/പദ്ധതികൾ ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങൾ പ്രകാരം മേൽ പ്രകാരമുള്ള പോളിസികളിൽ നടപ്പിലാക്കേണ്ട ചുമതല പൂർണ്ണമായും ഇൻഷ്വറൻസ് വകുപ്പിനാണ്. |

| | | |
|---|---|---|
| ബി | സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നീ ഇനങ്ങളിൽ ഈടാക്കുന്ന തുക ഏത് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നതെന്നും പ്രസ്തുത അക്കൗണ്ട് ആരാണ് കൈകാര്യം ചെയ്യുന്നതെന്നും വെളിപ്പെടുത്തുമോ; | സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പദ്ധതികളിൽ ഈടാക്കുന്ന തുക 8011-105-99 എന്ന കണക്ക് ശീർഷകത്തിലും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഈടാക്കുന്ന തുക 8011-107-98,8011-107-99 എന്നീ കണക്ക് ശീർഷകങ്ങളിലുമാണ് നിക്ഷേപിക്കുന്നത് ഈ കണക്ക് ശീർഷകങ്ങൾ കൈകാര്യം ചെയ്യുന്നത് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പാണ്. |
| സി | ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവയിൽ ഈടാക്കുന്ന തുക ഉൾപ്പെടെയുള്ള ഓരോ വർഷത്തെയും അക്കൗണ്ട് വിവരങ്ങൾ കൃത്യമായി രജിസ്റ്ററും റെക്കോഡുമാക്കി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ലഭ്യമാണോ; | നിലവിൽ ലഭ്യമല്ല |
| ഡി | ഇല്ലെങ്കിൽ ഇവ ലഭ്യമല്ലാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | പ്രീമിയം വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന ജോലി കുടിശ്ശികയായതിനെ തുടർന്ന് ക്ലെയിമുകൾ യഥാസമയം തീർപ്പാക്കാൻ കഴിയാത്ത സാഹചര്യം സംജാതമായതിനെ തുടർന്ന് താല്ക്കാലിക നടപടിക്രമങ്ങൾ അംഗീകരിച്ച് 1986 ൽ നിർദ്ദേശം നൽകിയിരുന്നു. ഇത് ഇപ്പോഴും തുടരുകയാണ്. ക്ലെയിമുകൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് അക്കൗണ്ട് ജനറലിന്റെ അനുവാദത്തോടുകൂടി 12/05/1986-ലെ 35/86/ധന നമ്പർ സർക്കാർ സർക്കുലർ പ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തി റെക്കോർഡാക്കി സൂക്ഷിക്കുന്നത് നിർത്തിവെച്ചിരിക്കുകയാണ്. |
| ഇ | സംസ്ഥനത്തെ ഡി.ഡി.ഒ. മാരും എസ് എൽ,ഐ,ജി,ഐ,എസ് അക്കൗണ്ട് ഹോൾഡർമാരും അവരുടെ വിശദാംശം 31.12.2017 ന് മുൻപ് നൽകണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | ഉണ്ട്, 28/07/2017-ലെ സർക്കാർ ഉത്തരവ് (അച്ചടി)നം. 97/2017 ധന, 30/11/2017-ലെ സർക്കാർ ഉത്തരവ് (അച്ചടി)നം. 152/2017 ധന നമ്പർ ഉത്തരവുകൾ പ്രകാരം എസ്.എൽ.ഐ/ജി.ഐ.എസ് എന്നിവയിലെ മുൻകാല പ്രീമിയം അടവ് വിവരങ്ങൾ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ ഓൺലൈനായി 31/12/2017 ന് മുമ്പായി സമർപ്പിക്കുന്നതിനായി നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 17.01.2018 ലെ സ.ഉ. (അച്ചടി) നം 10/2018/ധന പ്രകാരം മേൽപറഞ്ഞ പ്രവർത്തി പൂർത്തീകരിക്കുന്നതിന് 31/01/2018 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| **എഫ്** | അവ കൃത്യമായും സൂക്ഷിക്കേണ്ടത് ഡി.ഡി.ഒ.മാരുടെയും അക്കൗണ്ട് ഹോൾഡർമാരുടെയും ചുമതലയാണോയെന്ന് വ്യക്തമാക്കുമോ? | എസ്.എൽ.ഐ. ചട്ടം ഖണ്ഡിക 20,23 , ജി.ഐ.എസ് ചട്ടം ഖണ്ഡിക 9(4), 16 എന്നിവ പ്രകാരം പ്രതിമാസ വരിസംഖ്യ കിഴിവ് നടത്തി എന്ന് ഉറപ്പുവരുത്തേണ്ടതും കിഴിവ് വരുത്തിയ തുക അവർക്ക് നൽകിയിട്ടുള്ള പാസ് ബുക്കുകളിൽ രേഖപ്പെടുത്തി ശമ്പള വിതരണം നടത്തിയ ഉദ്യോഗസ്ഥനെക്കൊണ്ട്(ഡി.ഡി.ഒ.) സാക്ഷ്യപ്പെടുത്തി കൃത്യമായും സൂക്ഷിക്കേണ്ടത് ഡി.ഡി.ഒ.മാരുടെയും അക്കൗണ്ട് ഹോൾഡർമാരുടെയും ചുമതലയാണെന്ന് വ്യക്തമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ